**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4155** **17-03-2025 - ൽ മറുപടിയ്ക്ക്**

**അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ച് നീക്കണമെന്നാവശ്യപ്പെട്ട് സ്കൂളധികൃതർ നൽകിയ കത്തിന്മേൽ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | **മാവേലിക്കര നഗരസഭയിലെ മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ക്രമീകരിക്കുന്നതിനായി സ്കൂളിന്റെ മുൻവശം നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ചുമാറ്റേണ്ടതുണ്ട്. 12.03.2025 ൽ കൂടിയ ട്രീ കമ്മിറ്റിയിൽ മരം മുറിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണ്. മാവേലിക്കര നഗരസഭ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ടി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം കെട്ടിടം നിർമ്മാണത്തിനായി എംഎൽഎ ഫണ്ട് അനുവദിച്ചതായും ടി കെട്ടിടം നിർമ്മിക്കേണ്ട ഭാഗത്തായി ഒരു പാലമരവും മറ്റൊരു പാഴ് മരവും വളർന്നുനിൽക്കുന്നത് കെട്ടിട നിർമ്മാണത്തിന് തടസ്സമാണെന്നും വൃക്ഷങ്ങൾ അടിയന്തരമായി മുറിച്ചു നീക്കണമെന്നും ആവശ്യപ്പെട്ട് 18.02.2025 ന് നൽകിയ കത്ത് പ്രകാരം 12.03.2025 ൽ നഗരസഭയിൽ ട്രീ കമ്മിറ്റി കൂടുകയും കമ്മിറ്റി തീരുമാനപ്രകാരം മേൽ പറഞ്ഞ രണ്ടു സ്കൂളുകളിലും കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ടി കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്ന പി.ഡബ്ല്യു.ഡി ബിൽഡിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മാവേലിക്കരയ്ക്ക് നിർദ്ദേശം നൽകി കത്ത് നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വൃക്ഷങ്ങൾ മുറിച്ചു നീക്കാത്തതിനാൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് തടസ്സമായി വൃക്ഷങ്ങൾ നിൽക്കുന്നത് സ്കൂൾ അധികൃതർ നൽകിയ കത്തിൽ നിന്നുമാണ് അറിയാൻ കഴിഞ്ഞത്. ആയത് പ്രകാരം അടിയന്തര നടപടി നഗരസഭ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | **വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 12.03.2025 ന് ചേർന്ന നഗരസഭ ട്രീ കമ്മിറ്റി തീരുമാനമെടുത്ത് കെട്ടിട നിർമ്മാണം നടത്തുന്ന പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് വിഭാഗം അസിസ്റ്റന്റ് എൻജിനീയർ മാവേലിക്കരയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ